REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 29-03-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമു രണ്ടു ദിവസത്തെ ദേശീയ പരിസ്ഥിതി സമ്മേളനം - 2025 ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.**
- **കോഴിക്കോട് റയിൽവേ സ്റ്റേഷൻ വികസന പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നുവെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കീ ബാത്ത്, നാളെ രാവിലെ 11 ന് ആകാശവാണിയിലും ദൂരദർശനിലും.**
- **മ്യാൻമർ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം ആയിരം കവിഞ്ഞു.**
- **ISL ഫുട്ബോളിലെ ആദ്യ പ്ലേ ഓഫിൽ വൈകിട്ട് ബംഗളൂരുവും മുംബൈ സിറ്റിയും ഏറ്റുമുട്ടും.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു രണ്ടു ദിവസത്തെ ദേശീയ പരിസ്ഥിതി സമ്മേളനം - 2025 ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. ദേശീയ ഹരിത ട്രിബ്യൂണലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

പരിസ്ഥിതി- നയ രൂപീകരണ വിദഗ്ധരും, ഈ മേഖലയിലെ പ്രമുഖരും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ ചർച്ച ചെയ്ത് പ്രായോഗിക പരിഹാരങ്ങൾ രൂപപ്പെടുത്തുകയാണ് ലക്ഷ്യം.

✪✪✪

അടുത്ത ആറ് വർഷങ്ങളിൽ ഇലക്ട്രോണിക് നിർമ്മാണ മേഖലയിൽ 35 ലക്ഷം അധിക തൊഴിലവസരങ്ങൾകൂടി സൃഷ്ടിക്കാൻ ഗവൺമെന്റ് ലക്ഷ്യമിടുന്നതായി ഇലക്ട്രോണിക്സ് IT മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. നിലവിൽ ഈ മേഖല 25 ലക്ഷം തൊഴിലവസരം നൽകുന്നുണ്ട്. കേന്ദ്രമന്ത്രിസഭ അംഗീകരിച്ച ഇലക്ട്രോണിക്സ് ഘടക നിർമ്മാണ പദ്ധതി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കുമെന്നും അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ അറിയിച്ചു.

✪✪✪

കുട്ടികളിലെ ലഹരി ഉപയോഗവും, അക്രമാസക്തിയും ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച നാളത്തെ യോഗത്തിന്റെ വേദി മാറ്റി. നേരത്തെ മാസ്കറ്റ് ഹോട്ടലിൽ തീരുമാനിച്ചിരുന്ന യോഗം നിയമസഭയിലെ ശങ്കര നാരായണൻ തമ്പി ഹാളിലേക്കാണ് മാറ്റിയത്. രാവിലെ പത്തിനാണ് യോഗം.

ഈ വിഷയങ്ങളിൽ കർമപദ്ധതി തയ്യാറാക്കാൻ ചേരുന്ന യോഗത്തിൽ വിദഗ്ധരും, വിദ്യാർത്ഥി-യുവജന സംഘടനകളും, സിനിമാ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടന കളും, അധ്യാപക-രക്ഷാകർതൃ സംഘടനകളും പങ്കെടുക്കും.

✪✪✪

കോഴിക്കോട് റയിൽവേ സ്റ്റേഷൻ വികസന പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നുവെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. 2027 ജൂണിൽ നിർമാണം പൂർത്തിയാകുമെന്ന് അവലോകന യോഗത്തിന് ശേഷം നിർമാണ പ്രവൃത്തികൾ വിലയിരുത്തിയ കേന്ദ്രസഹമന്ത്രി അറിയിച്ചു. റെയിൽവേ സ്റ്റേഷനോടു ചേർന്ന് IT ഹബ്ബ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങളിൽ പുരോഗതിയുണ്ടെന്നും, റെയിൽവേ സ്റ്റേഷൻ വികസിക്കുന്നതിന് അനുസരിച്ച് ട്രെയിനുകളുൾപ്പെടെ സൗകര്യങ്ങൾ വർധിക്കുമെന്നും മന്ത്രി പറഞ്ഞു.

വൈകിട്ട് കിർത്താഡ്സിന്റെ നെർദ്ധി ഗോത്ര സാഹിത്യോത്സവത്തിന്റെ സമാപന ചടങ്ങിലും ജോർജ്ജ് കുര്യൻ പങ്കെടുക്കും. MK രാഘവൻ MPയും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

തൃശൂർപ്പൂരം വെടിക്കെട്ടുമായി ബന്ധപ്പെട്ട് അനാവശ്യ വിവാദമുണ്ടാക്കുകയാണെന്ന് കേന്ദ്രസഹമന്ത്രി സുരേഷ്ഗോപി തൃശൂരിൽ കുറ്റപ്പെടുത്തി. പൂരവും പൂരം വെടിക്കെട്ടും ഇത്തവണയും ഗംഭീരമായി നടക്കും. പാറമേക്കാവ്- തിരുവമ്പാടി ദേവസ്വം ഭാരവാഹികൾക്ക്

കേന്ദ്രവുമായി ചർച്ച ചെയ്യാൻ അവസരം നൽകിയിരുന്നുവെന്നും ഇപ്പോഴത്തെ വിവാദങ്ങൾ രാഷ്ട്രീയ മുതലെടുപ്പിനു വേണ്ടിയാണെന്നും സുരേഷ് ഗോപി മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ മികച്ച വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്ക് മുഖ്യമന്ത്രിയുടെ എക്സലൻസ് പുരസ്കാരങ്ങൾ മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരത്ത് വിതരണം ചെയ്തു. 13 സ്ഥാപനങ്ങളാണ് പുരസ്കാരത്തിന് അർഹരായത്.

✪✪✪

വളാഞ്ചേരിയിൽ മുൻസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് നടത്താനിരുന്ന HIV രക്തപരിശോധന ആരോഗ്യ വകുപ്പ് തത്ക്കാലത്തേക്ക് മാറ്റിവെച്ചു. മയക്കുമരുന്ന് കുത്തിവെപ്പിനെ തുടർന്ന് പത്തു പേർ HIV പോസിറ്റീവ് ആയതിനെ തുടർന്നാണ് രക്തപരിശോധന തീരുമാനിച്ചിരുന്നത്.

✪✪✪

ശവ്വാൽ മാസപ്പിറവി സംബന്ധിച്ച ഏകീകൃത തീരുമാനമെടുക്കാൻ ജമാഅത്തുകളിലെ ഇമാമുമാരും, മഹല്ല് ഭാരവാഹികളും നാളെ തിരുവനന്തപുരത്ത് യോഗം ചേരും. വൈകിട്ട് ആറരയ്ക്ക് പാളയം ജുമാ മസ്ജിദിലാണ് യോഗം.

✪✪✪

കേന്ദ്ര ഗവണ്മെന്റ് ജീവനക്കാർക്ക് ക്ഷാമബത്ത രണ്ട് ശതമാനം വർധിപ്പിച്ചു. ഇതോടെ ക്ഷാമബത്ത 55 ശതമാനമായി. കേന്ദ്ര പെൻഷൻകാർക്കും രണ്ട് ശതമാനം ക്ഷാമാശ്വാസം ലഭിക്കും.

✪✪✪

രാമനവമിയോടനുബന്ധിച്ച് ആഘോഷിക്കുന്ന വസന്ത നവരാത്രി ഉത്സവവേളയിൽ ആകാശവാണിയുടെ യൂട്യൂബ് ചാനലായ 'ആരാധന' പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്യും. നാളെ മുതൽ അടുത്തമാസം ആറ് വരെ ശ്രോതാക്കൾക്ക് ആത്മീയ അനുഭവം പ്രദാനം ചെയ്യാൻ നവരാത്രിയുടെ ഓരോ ദിവസത്തെയും പ്രാധാന്യം വിവരിക്കുന്ന പരമ്പര ചാനൽ അവതരിപ്പിക്കുമെന്ന് പ്രസാർഭാരതി CEO ഗൗരവ് ദ്വിവേദി അറിയിച്ചു.

✪✪✪

മെയ് ഒന്ന് മുതൽ ATM ൽ നിന്ന് അഞ്ച് തവണയിൽ കൂടുതൽ പണം പിൻവലിക്കുമ്പോൾ ഈടാക്കുന്ന ഫീസ് രണ്ട് രൂപ വർദ്ധിപ്പിക്കാൻ

ബാങ്കുകൾക്ക് RBI അനുമതി നൽകി. ഇതോടെ ഓരോ ഇടപാടിനും സർവീസ് ചാർജ് 23 രൂപയാകും. നിലവിൽ ഇത് 21 രൂപയാണ്.

✪✪✪

മ്യാൻമർ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 1000 കടന്നു. മരണസംഖ്യ ഇനിയും ഉയർന്നേക്കുമെന്നാണ് റിപ്പോർട്ടുകൾ. 2,300 ലേറെ പേർക്ക് പരിക്കേറ്റിട്ടുണ്ട് . കെട്ടിടാവശിഷ്ടങ്ങളിൽ കുടുങ്ങിയവർക്കായി ഇപ്പോഴും തിരച്ചിൽ തുടരുകയാണ്.

ദുരിത ബാധിതർക്ക് സഹായമായി ഇന്ത്യ 15 ടൺ അവശ്യ സാധനങ്ങൾ മ്യാൻമറിലെ യാങ്കോണിൽ എത്തിച്ചു. മെഡിക്കൽ സാമഗ്രികൾക്കൊപ്പം, രക്ഷാ സംഘവും, മെഡിക്കൽ സംഘവും യാങ്കോണിലെത്തിയിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി ഡോ. S ജയശങ്കർ സമൂഹ മാധ്യമപോസ്റ്റിൽ അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് നാളെ രാവിലെ 11 ന് ആകാശവാണിയും ദൂരദർശനും പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 120-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും മൻകി ബാത് തത്സമയം ലഭ്യമാകും. തുടർന്ന് പരിപാടിയുടെ പ്രാദേശിക പരിഭാഷയുമുണ്ടാകും.

✪✪✪

അറക്കൽ രാജവംശത്തിന്റെ ആസ്ഥാനമായ കണ്ണൂരിലെ അറക്കൽ കൊട്ടാരം നവീകരിക്കുന്നു. ഏഴ് കോടിയോളം രൂപയാണ് നവീകരണത്തിന് നീക്കിവെച്ചിരിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O.ശശിധരൻ.

.....(വോയ്സ്)...........

✪✪✪

മധ്യവേനൽ അവധിക്കായി സംസ്ഥാനത്തെ സ്കൂളുകൾ ഇന്ന് അടയ്ക്കും. SSLC പരീക്ഷ 26 നു അവസാനിച്ചിരുന്നു. ഇന്നത്തെ ഒന്നാം വർഷ ഇംഗ്ലീഷ് പരീക്ഷയോടെ ഹയർ സെക്കണ്ടറി പരീക്ഷകൾക്കും സമാപനമാകും.

✪✪✪

ISL ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. ആദ്യ പ്ലേ ഓഫിൽ രാത്രി 7.30 ന് ബെംഗളൂരു, മുംബൈ സിറ്റിയെ നേരിടും. അടുത്തമാസം

12 നാണ് ഫൈനൽ.  രണ്ടാം പ്ലേ ഓഫിൽ നാളെ  നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ജംഷദ്പൂരിനെ നേരിടും.

✪✪✪

ചെന്നൈയിൽ IPL ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്  മുംബൈ ഇന്ത്യൻസിനെ നേരിടും.  വൈകിട്ട് ഏഴരക്ക്  അഹമ്മദാബാദിലാണ് മത്സരം.

✪✪✪

വാർഷിക പരീക്ഷയുടെ മൂല്യനിർണ്ണയം നടത്തിയ  ഉത്തരക്കടലാസുകൾ കുട്ടികൾക്കു നൽകി  മാതൃക സൃഷ്ടിക്കുകയാണ് ഒരു ഗവൺമെന്റ്  UP സ്കൂൾ. പത്തനംതിട്ട ഓമല്ലൂർ പന്യാലി ഗവ. UP സ്ക്കൂളാണ് അതിവേഗ മൂല്യനിർണ്ണയത്തിലൂടെ മറ്റ് വിദ്യാലയങ്ങൾക്ക് പ്രചോദനമാകുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ശ്രീജി S ശ്രീധർ.

......(വോയ്സ്)............

✪✪✪

സംസ്ഥാനത്തെ ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരം പത്താം ദിവസത്തിലേക്കും രാപകൽ സമരം 48 -ാം ദിവസത്തിലേക്കും കടന്നു. സമരത്തിന്റെ ഭാഗമായി ആശാ പ്രവർത്തകർ തിങ്കളാഴ്ച മുടി മുറിച്ച് പ്രതിഷേധിക്കുമെന്ന് കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ അറിയിച്ചു.

✪✪✪

കണ്ണൂർ ADM,  K നവീൻ ബാബുവിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസിലെ  കുറ്റപത്രം അന്വേഷണസംഘം  ഇന്ന് കോടതിയിൽ സമർപ്പിക്കും. കണ്ണൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലാണ് കുറ്റപത്രം സമർപ്പിക്കുന്നത്.

✪✪✪

ഡോക്ടർ വന്ദനദാസ് വധക്കേസിൽ ഫോറൻസിക് വിദഗ്ധ ഡോ. ഗോപികയുടെ വിസ്താരം പൂർത്തിയായി. കൊലയ്ക്ക് ഉപയോഗിച്ച ആയുധവുമായി പ്രതി സന്ദീപ് ആശുപത്രിയിലെത്തിയതിന്റെയും തുടർന്നുണ്ടായ സംഭവങ്ങളുടെയും ദൃശ്യങ്ങൾ  ഫോറൻസിക് വിദഗ്ധ തിരിച്ചറിഞ്ഞു.

✪✪✪

കാസർഗോഡ് പനയാൽ കൂളിക്കുന്നിൽ ഓട്ടോറിക്ഷയിൽ നിന്ന് MDMAയും, കഞ്ചാവുമടക്കം മയക്ക് മരുന്നുകൾ പിടികൂടി. ഓട്ടോ ഡ്രൈവർ മുഹമ്മദ് അബൂബക്കർ സിദ്ധിഖിനെ പൊലീസ് അറസ്റ്റ് ചെയ്തു .

✪✪✪

കോഴിക്കോട് ജില്ലയിൽ ലഹരിസാധനങ്ങൾ വിറ്റ് മലപ്പുറം സ്വദേശി സിറാജ് സമ്പാദിച്ച സ്വത്തും വാഹനവും പോലീസ് കണ്ടു കെട്ടി. ഇയാളുടെ ബാങ്ക് അക്കൌണ്ട് മരവിപ്പിക്കുകയും ചെയ്തു.

✪✪✪

തിരുവനന്തപുരത്ത് ഭരത് മുരളി നാടകോത്സവം തുടരുന്നു. മൂന്നാം ദിവസമായ ഇന്ന് വൈകിട്ട് ആൽഫി -12 മിസ്സിംഗ്, കു ഹൂ എന്നീ നാടകങ്ങൾ അവതരിപ്പിക്കും.

✪✪✪

രാഷ്ട്രഭാഷാ വേദിയുടെ നേതൃത്വത്തിൽ കോഴിക്കോട് നരിക്കുനിയിൽ സ്പോക്കൺ ഹിന്ദി ക്ലാസ് ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജൗഹർ പൂമങ്കലം ഉദ്ഘാടനം ചെയ്തു.

✪✪✪

ഗാനരചയിതാവ് P ഭാസ്കരന്റെ ജന്മശതാബ്ദിയോടനു ബന്ധിച്ച് ആകാശവാണി കണ്ണൂർ നിലയത്തിന്റെ നേതൃത്വത്തിൽ 'കണ്ണീരും സ്വപ്നങ്ങളും' പ്രഭാഷണ പരമ്പര, വൈകിട്ട് കണ്ണൂർ ജവഹർ ലൈബ്രറി ഓഡിറ്റോറിയത്തിൽ നടത്തും. എഴുത്തുകാരി ഡോ. S. ശാരദക്കുട്ടി, സംഗീതസംവിധായകൻ M.ജയചന്ദ്രൻ, ഗായകൻ V.T മുരളി എന്നിവർ പങ്കെടുക്കും.

✪✪✪

---

*News Reader: സബിത ആനന്ദ്*
*News Team:, അനിൽ ചന്ദ്രൻ, രജിന കെ*
*DEO: ഷീബ*